## അബ്ദുൽ ജലീൽ



**തിരുവനന്തപുരം** അഴീക്കോട്-മരുതിനകം കാർകുൻ ഹൽഖ സെക്രട്ടറിയായിരുന്നു അബ്ദുൽ ജലീൽ സാഹിബ് (53).

1985-ൽ അഴീക്കോട് കാർകുൻ ഹൽഖ നിലവിൽ വന്നതു മുതൽ അതിൽ സജീവാംഗവും *പ്രബോധന*ത്തിന്റെ നടത്തിപ്പുകാരനുമായിരുന്നു. അഴീക്കോട് ജംഗ്ഷനിലുള്ള അദ്ദേഹത്തിന്റെ അൽ അമീൻ ഫ്ളവർമിൽ പ്രസ്ഥാനത്തിന്റെ അനൗദ്യോഗിക ഓഫീസായിരുന്നു. പരിചയപ്പെട്ട ആർക്കും അദ്ദേഹത്തിന്റെ ഹൃദ്യമായ ചിരിയും നർമം കലർന്ന സംഭാഷണവും മറക്കാനാവില്ല.

തിരുവനന്തപുരം മെഡിക്കൽ കോളേജ് പള്ളിയുടെ നിർമാണത്തിന്റെ മേൽനോട്ട ചുമതലയും കുറച്ചുനാൾ പാളയം ഇസ്‌ലാമിക് സെന്റർ ഓഫീസ് സെക്രട്ടറി ചുമതലയും വഹിച്ചിരുന്നു.

**എ. അബ്ദുസ്സലാം അഴീക്കോട്**

## കെ.ബി ഹംസ മാസ്റ്റർ

**വളാഞ്ചേരി** കാർകുൻ ഹൽഖ, ദാറുൽ ഇസ്‌ലാം ട്രസ്റ്റ്, മദ്റസത്തുൽ ഇസ്‌ലാമിയ എന്നിവയുടെ സെക്രട്ടറിയായി ദീർഘകാലം സേവനമനുഷ്ഠിച്ചിട്ടുണ്ട് കെ.ബി ഹംസ മാസ്റ്റർ (64).

വൈക്കത്തൂർ യു.പി സ്കൂൾ, വെങ്ങാട് യു.പി സ്കൂൾ എന്നിവയിൽ അധ്യാപകനും പ്രധാനാധ്യാപകനുമായി സേവനമനുഷ്ഠിച്ചു. സർവീസിൽനിന്ന് പിരിഞ്ഞ ശേഷം എടയൂർ ഐ.ആർ.എസിൽ സേവനമനുഷ്ഠിച്ചു.

ഭാര്യയും നാലു മക്കളുമുണ്ട്.

**സൈനുദ്ദീൻ വളാഞ്ചേരി**

## ഒ.എം യൂസുഫ്



**കൊച്ചനൂരിലെ** ആദ്യകാല ഇസ്‌ലാമിക പ്രവർത്തകനായിരുന്നു ഒല്ലാശ്ശേരി യൂസുഫ് സാഹിബ്. 1960-ൽ ഹംദർദ് ഹൽഖ രൂപവത്കരണത്തിനു ശേഷം മരണം വരെയും കൊച്ചനൂരിലെ ഇസ്‌ലാമിക പ്രവർത്തന രംഗത്ത് അദ്ദേഹം സജീവമായിരുന്നു. കുറെക്കാലം ഗൾഫിൽ ജോലി ചെയ്തു. കൊച്ചനൂർ കാർകുൻ ഹൽഖാ നാസിമായും പ്രവർത്തിച്ചു.

**എം.എ കുഞ്ഞിമുഹമ്മദ് കൊച്ചനൂർ**

## കെ. അബ്ദുർറഹ്മാൻ



**ചെമനാട്** പ്രാദേശിക ജമാഅത്ത് അംഗം കെ. അബ്ദുർറഹ്മാൻ സാഹിബ് കാസർകോട്ടെ പ്രാസ്ഥാനിക പ്രവർത്തന രംഗത്ത് സജീവ സാന്നിധ്യമായിരുന്നു. ദഅ്‌വാ രംഗത്താണ് അദ്ദേഹം കൂടുതൽ ശ്രദ്ധിച്ചിരുന്നത്. ചെമനാട് നെച്ചിപ്പടുപ്പിൽ പലചരക്ക് കച്ചവടം നടത്തിയിരുന്ന അദ്ദേഹം കടയിലെത്തുന്നവർക്ക് ഇസ്‌ലാമിനെയും പ്രസ്ഥാനത്തെയും പരിചയപ്പെടുത്തി. പ്രബോധനം ഏജന്റായിരുന്നു.

ഇസ്സുദ്ദീൻ മൗലവി ആലിയ കോളേജ് സ്ഥാപിച്ചപ്പോൾ ജില്ലയിൽനിന്ന് പഠിക്കാനെത്തിയ ഏതാനും ചിലരിൽ അബ്ദുർറഹ്മാൻ സാഹിബും ഉണ്ടായിരുന്നു.

കാസർകോട് ജില്ലാസമിതിയംഗം, *ആശ്വാസം* പലിശരഹിത നിധി ട്രഷറർ, മസ്ജിദുൽബിർറ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു.

## ടി. അബ്ദുൽഹമീദ് മാസ്റ്റർ

**ജമാഅത്തെ** ഇസ്‌ലാമി അംഗവും അൽഅമീൻ ചാരിറ്റബ്ൾ ട്രസ്റ്റ് ചെയർമാനും അൽ അമീൻ മസ്ജിദ് പ്രസിഡന്റും നന്മണ്ട-കാക്കൂർ പഞ്ചായത്ത് അതിർത്തികൾ സംഗമിക്കുന്ന നന്മണ്ട 12 പ്രദേശത്തെ മതസാംസ്കാരിക സാമൂഹിക രംഗത്തെ നിറ സാന്നിധ്യവുമായിരുന്നു ടി. അബ്ദുൽഹമീദ് മാസ്റ്റർ (61). നന്മണ്ടയിൽ ജമാഅത്തെ ഇസ്‌ലാമി കെട്ടിപ്പടുക്കുന്നതിൽ മുൻനിരയിലുണ്ടായിരുന്ന മർഹൂം ടി.പി അഹ്മദ് മാസ്റ്ററുടെ മൂത്തമകനായിരുന്നു അദ്ദേഹം.

അശരണർക്ക് കുടുംബ സഹായനിധികൾ രൂപവത്കരിക്കുന്നതിലും വിവാഹാവശ്യങ്ങൾക്ക് ഫണ്ട് സ്വരൂപിക്കുന്നതിലും വീടില്ലാത്തവർക്ക് വീട് വെച്ചുകൊടുക്കുന്നതിലും അദ്ദേഹം മുൻപന്തിയിലുണ്ടായിരുന്നു.

**കെ.എം ഹാറൂൻ നന്മണ്ട**

## പി.പി പാത്തുട്ടി ഉമ്മ



**മൗലാനാ** അബുല്ലൈസ് സാഹിബ്, മുഹമ്മദ് യൂസുഫ് സാഹിബ്, ഹാജി വി.പി മുഹമ്മദലി സാഹിബ്, കെ.സി അബ്ദുല്ല മൗലവി തുടങ്ങിയ ആദ്യകാല പ്രസ്ഥാന സാരഥികൾക്കു സുപരിചിതയായിരുന്നു ഈയിടെ വളാഞ്ചേരിയിൽ നിര്യാതയായ പി.പി പാത്തുട്ടി ഉമ്മ(85). ജമാഅത്തംഗമായിരുന്ന പി. മരക്കാർ ഹാജിയുടെ ഭാര്യയായിരുന്നു ഇവർ.

ജമാഅത്തെ ഇസ്‌ലാമിക്ക് വളാഞ്ചേരിയിൽ സ്വന്തമായി ഓഫീസ് ഇല്ലാത്ത ആദ്യ കാലങ്ങളിൽ മരക്കാർ ഹാജിയുടെ വീട് പലപ്പോഴും പ്രസ്ഥാന നായകരുടെ സംഗമ കേന്ദ്രമായിരുന്നു. ഒരു യാഥാസ്ഥിതിക കുടുംബത്തിൽ പിറന്ന പാത്തുട്ടി ഉമ്മ പ്രസ്ഥാന നായകരുടെ സ്വഭാവ മഹിമയിൽ നിന്നാണ് ഇസ്‌ലാമിക പ്രസ്ഥാനത്തെ അടുത്തറിഞ്ഞത്. അതോടെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ സഹായിയും ഗുണകാംക്ഷിയുമായി അവർ മാറി.

**പി.കെ.എം വളാഞ്ചേരി**

*അല്ലാഹു പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.*